പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4031 | 12/12/2018 ൽ മറുപടി<br>നല്കേണ്ടത്. |

## ഇംപ്ലാന്റിന് വൻതുക ഈടാക്കുന്നതായ പരാതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ശസ്ത്രക്രിയയിലൂടെ ശരീരത്തിൽ സ്ഥാപിക്കുന്ന ഇംപ്ലാന്റുകളുടെ വിതരണക്കാരായ ഏജന്റുമാർ വൻതുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | സർക്കാർ ആശുപത്രികളിൽ ന്യായ വില മെഡിക്കൽ ഷോപ്പിൽ നിന്നും ലഭിക്കുന്ന ഇംപ്ലാന്റുകൾക്ക് ഗുണ നിലവാരമില്ലായെന്ന് ഡോക്ടർമാർ രോഗികളെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന വിലയുള്ള ഇംപ്ലാന്റുകൾ പുറത്ത് നിന്ന് വാങ്ങുവാൻ പ്രേരിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; | ബി) & സി) | ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിററിയുടെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇംപ്ലാന്റുകൾക്ക് നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. ഇത് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും പരാതികൾ ലഭിക്കുന്ന പക്ഷം കാര്യക്ഷമമായി അന്വേഷണം നടത്തി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |
| സി) | ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ